Mathrubhumi 01.01.18

# വൈഗ കണ്ടത് അഞ്ച് ലക്ഷം പേർ

## കർഷകരെ കാർഷിക സംരംഭകരാക്കി മാറ്റുക എന്ന ലക്ഷ്യമാണ് വൈഗ മുന്നോട്ടു വച്ചത്. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുക, മൂല്യവർധനയിലൂടെ ആദായം പതിന്മടങ്ങ് വർധിപ്പിക്കുക, ആഗോളവിപണിയിൽ പ്രാതിനിധ്യം ഉറപ്പിക്കുക എന്നിവ വൈഗയുടെ തുടർച്ച എന്ന രീതിയിൽ വിവിധ പദ്ധതികളിലൂടെ സാധ്യമാക്കും

കൃഷിവകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര പ്രദർശന- ശില്പശാലയായ വൈഗ-2017 കണ്ടിറങ്ങിയത് അഞ്ച് ലക്ഷം പേർ. കൃഷിവകുപ്പിനൊപ്പം, കേരള കാർഷിക സർവകലാശാല, സമേതി തുടങ്ങിയവർ സംയുക്തമായാണ് മേള സംഘടിപ്പിച്ചത്.

വിപണന സാധ്യതകൾ, കയറ്റുമതി സാധ്യതകൾ, സംയോജിത പദ്ധതികൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിന് വൈഗയിൽ പങ്കെടുത്ത വിദേശ പ്രതിനിധികളുമായി ചർച്ചയും സംഘടിപ്പിച്ചിരുന്നു. പങ്കെടുത്ത രാജ്യങ്ങളെല്ലാംതന്നെ കേരളവുമായി പല മേഖലകളിലും സഹകരിച്ച് പ്രവർത്തിക്കുന്നതിന് താത്പര്യവും പ്രകടിപ്പിച്ചു.

വൈഗയുടെ പ്രധാന വിഷയങ്ങളായ തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ, നാളികേരം എന്നിവയുടെ മൂല്യവർധിതമേഖലയിൽ സമഗ്രവികസനം കൊണ്ടുവരാനാണ് വൈഗ തീരുമാനിച്ചിട്ടുള്ളത്. നാല് മേഖലയിലും വിശദമായ പദ്ധതി രൂപീകരണത്തിനായി കോ-ഓർഡിനേഷൻ സംവിധാനം ഉടനെ രൂപവത്കരിക്കും.

പദ്ധതികൾ, നിലവിലുള്ള പദ്ധതിയുടെ പോരായ്മകൾ, പദ്ധതി നിർദേശങ്ങൾ എന്നിവ ഓരോ ഏജൻസിയും തയ്യാറാക്കി ജനുവരി 15-നു മുൻപായി സമർപ്പിക്കും. ഇതിൻെറ അടിസ്ഥാനത്തിൽ ശില്പശാല നടത്തി പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ തീരുമാനം എടുക്കും. വിശദ പദ്ധതി ഫെബ്രുവരിയിൽ നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കും.

സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ ഏജൻസികൾ, യുവസംരംഭകർ തുടങ്ങിയവരുടേതടക്കം അഞ്ഞൂറോളം സ്റ്റാളുകളാണ് പ്രദർശന നഗരിയിൽ ഒരുക്കിയിരിക്കുന്നത്. ആദ്യ നാലുദിവസങ്ങളിൽ പ്രധാനവിഷയങ്ങളെ ആസ്പദമാക്കിയുള്ള സെമിനാറുകളും ചർച്ചകളുമാണ് നടന്നത്. ശ്രീലങ്ക, തായ്‌ലൻറ്, ഇൻഡോനേഷ്യ തുടങ്ങി വിവിധ രാജ്യങ്ങളിലെ ഗവേഷകരും പ്രതിനിധികളും പങ്കെടുത്തു. നാളികേരം ആസ്പദമാക്കി 13 പ്രധാന സെഷനുകളാണ് രണ്ടു ദിവസങ്ങളിലായി നടന്നത്.

തേനിൻെറ മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം, വിപണനസാധ്യതകൾ, തേനീച്ച വളർത്തലിൻെറ സാങ്കേതിക വശങ്ങൾ, തേനീച്ച കർഷകർക്ക് ലഭ്യമായ പരിശീലനങ്ങൾ, സർക്കാർ ആനുകൂല്യങ്ങൾ എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കി.തേൻ ആസ്പദമാക്കി എട്ട് പ്രധാന സെഷനുകൾ സംഘടിപ്പിച്ചിരുന്നു.

ചെറുധാന്യങ്ങളെ ആസ്പദമാക്കി ഏഴ് പ്രധാന സെഷനുകൾ നടന്നു.

വാഴപ്പഴത്തിൽ നിന്നു ലഭ്യമാക്കുന്ന മൂല്യവർധിത ഉത്പന്നങ്ങളെക്കുറിച്ചും വാഴപ്പഴത്തിൻെറ സംസ്കരണം, കയറ്റുമതി സാധ്യതകൾ എന്നിവയെക്കുറിച്ചുമുള്ള വിശദമായ വിവരങ്ങൾ ശില്പശാലയിൽ ശാസ്ത്രജ്ഞരും കർഷകരും പങ്കുവച്ചു. വാഴപ്പഴത്തെ ആസ്പദമാക്കി 12 പ്രധാന സെഷനുകൾ നടന്നു.

ഇതു കൂടാതെ മറ്റു പഴവർഗങ്ങളെക്കുറിച്ചും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചുമുള്ള ക്ലാസുകളും സംഘടിപ്പിച്ചിരുന്നു. നാലാം ദിവസം യുവ കർഷകസംഗമവും നടത്തി.